## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155 — 23.3.2012-ൽ മറുപടിക്ക്.

### റെയിൽവേ വികസനത്തിനുഭൂമി ഏറ്റെടുത്തുനല്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ റയിൽവേ വികസന പദ്ധതികൾക്കെല്ലാം ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടില്ല. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ചേർത്തല വാഗൺ ഫാക്ടറിക്കായി AUTOKAST ന്റെ 40 ഏക്കർ ഭൂമി നല്കാമെന്ന നിർദ്ദേശം നിലനിൽക്കെ ഫാക്ടറിക്കായി 60 ഏക്കർ സ്ഥലം റയിൽവേ ആവശ്യപ്പെട്ടു. ആ നിർദ്ദേശം സംസ്ഥാന സർക്കാർ റയിൽവേയും മറ്റ് ബന്ധപ്പെട്ട വകുപ്പുമായും 4.4.2012 നുള്ള യോഗത്തിൽ ചർച്ച ചെയ്തു നിശ്ചയിക്കുവാൻ തിരുമാനിച്ചിട്ടുണ്ട്. പാതയിരട്ടിപ്പിക്കലിന് ആവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്ക് അവലോകന യോഗങ്ങൾ വിളിച്ചു കൂട്ടി ബന്ധപ്പെട്ടവർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്കമാലി - ശബരി റെയിൽവേ ലൈനിനു വേണ്ടി കോട്ടയം ജില്ലയിലേയും ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈനിനുവേണ്ടി |
| (സി) | സ്ഥലം ലഭ്യമാക്കാത്തതുമൂലം ഏതെങ്കിലും റെയിൽവേ വികസന പ്രവർത്തനങ്ങൾ മുടങ്ങിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിലേയും സ്ഥലമെടുപ്പ് നടപടികൾ പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവെച്ചിരിക്കുകയാണ്. |
| (ഡി) | പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ടോ; | (ഡി) | ഇല്ല. ഷൊർണ്ണൂർ - മംഗലാപുരം പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ നിന്നും 2.3012 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറാനുണ്ട്. എറണാകുളം - കായംകുളം (ആലപ്പുഴ വഴിയും, കോട്ടയം വഴിയും) പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് റെയിൽവേ നൽകിയ അഭ്യർത്ഥനപ്രകാരം കോട്ടയം ജില്ലയിൽ നിന്ന് 34.5051 ഹെക്ടറും പത്തനംതിട്ട ജില്ലയിൽ നിന്നുള്ള 7.9442 ഹെക്ടറിൽ 1.2906 ഹെക്ടറും ആലപ്പുഴ ജില്ലയിൽ നിന്നുള്ള 21.5080 ഹെക്ടറിൽ 0.1712 ഹെക്ടറും എറണാകുളം ജില്ലയിൽ നിന്ന് 9.25 ഹെക്ടറും റെയിൽവേയ്ക്ക് കൈമാറാനുണ്ട്. |
| (ഇ) | റെയിൽവേ വികസനത്തിന് ഇനിയും ഭൂമി ഏറ്റെടുത്ത് നൽകാനുണ്ടെങ്കിൽ ഇത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ